ഫാമിലി കൗൺസിലിംഗ് സെന്ററുകളുടെ പ്രവർത്തനം

74 (6233) ശ്രീ. യു. സി. രാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ എത്ര ഫാമിലി കൗൺസിലിംഗ് സെന്ററുകൾ പ്രവർത്തിക്കുന്നുണ്ട് ; അവ ഏതെല്ലാം എന്ന് വ്യക്തമാക്കുമോ ;

(ബി) ഈ സെന്ററുകളുടെ പ്രവർത്തനം യഥാസമയം വിലയിരുത്താനുള്ള സംവിധാനം നിലവിലുണ്ടോ ;

(സി) പ്രസ്തുത സെന്ററുകളുടെ പ്രവർത്തനം വിശദീകരിക്കുമോ ;

(ഡി) ഇതിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ടവർക്ക് കമ്മിറ്റികളുടെ ഘടനയും പ്രവർത്തനവും വിശദീകരിക്കുമോ ?

ഉത്തരം

(എ) കേരളത്തിൽ 40 ഫാമിലി കൗൺസിലിംഗ് സെന്ററുകൾ പ്രവർത്തിക്കുന്നുണ്ട്. ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.*

(ബി) ഉണ്ട്.

(സി) മാനസികമായും ശാരീരികമായും പീഡനങ്ങൾ അനുഭവിക്കുന്ന സ്ത്രീകൾക്ക് വിദഗ്ദ്ധോപദേശവും നിയമസഹായവും പുനരധിവാസ പ്രവർത്തനങ്ങളും ഈ സെന്ററുകളിൽ ലഭ്യമാണ്.

(ഡി) ഇതിന്റെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട സബ് കമ്മിറ്റി രൂപീകരിക്കുകയും, ടി കമ്മിറ്റി മൂന്ന് മാസത്തിലൊരിക്കൽ കൂടേണ്ടതും സെന്ററിന്റെ പ്രവർത്തനം കാര്യക്ഷമമായി നടപ്പാക്കുന്നതിനുവേണ്ടി പ്രവർത്തന പദ്ധതി തയ്യാറാക്കേണ്ടതും, ആവശ്യം വേണ്ട ഉപദേശങ്ങൾ നൽകേണ്ടതുമാണ്. ഈ കമ്മിറ്റിയിൽ സാമൂഹിക പ്രവർത്തകർ, പോലീസ്, പൊതുഭരണ വകുപ്പിൽ നിന്നുള്ള പ്രതിനിധികൾ, സൗജന്യ നിയമസഹായ സെല്ലിൽ നിന്നുള്ള പ്രതിനിധികൾ ഹ്രസ്വകാല പുനരധിവാസ കേന്ദ്രങ്ങൾ നടത്തുന്ന സംഘടനാ പ്രതിനിധികൾ തുടങ്ങിയവരെ ഉൾപ്പെടുത്തിയിട്ടുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly